# അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവും

عَنْ أَبِي هُرَيْرَةَ رَضِيَ اللَّهُ عَنْهُ قَالَ: قَال رَسُولُ اللَّهِ ﷺ

إِنَّ لِلَّهِ مِائَةَ رَحْمَةٍ فَمِنْهَا رَحْمَةٌ بِهَا يَتَرَاحَمُ الْخَلْقُ بَيْنَهُمْ وَتِسْعَةٌ

وَتِسْعِينَ لِيَوْمِ الْقِيَامَةِ (متفق عليه)

عَنِ ابْنِ عَبَّاسٍ عن رَسُولِ اللَّهِ ﷺ فِيمَا يَرْوِي عَنْ رَبِّهِ تَبَارَكَ وَتَعَالى

قَال إِنَّ اللَّهَ كَتَبَ الْحَسَنَاتِ وَالسَّيِّئَاتِ ثُمَّ بَيَّنَ ذَلِكَ

فَمَنْ هَمَّ بِحَسَنَةٍ فَلَمْ يَعْمَلْهَا كَتَبَهَا اللَّهُ عِنْدَهُ حَسَنَةً كَامِلَةً وَإِنْ هَمَّ بِهَا فَعَمِلَهَا

كَتَبَهَااللَّه عَزَّوَجَلَّ عِنْدَهُ عَشْرَ حَسَنَاتٍ إِلَى سَبْعِ مِائَةِ ضِعْفٍ إِلَى أَضْعَافٍ كَثِيرَةٍ

وَإِنْ هَمَّ بِسَيِّئَةٍ فَلَمْ يَعْمَلْهَا كَتَبَهَا اللَّهعِنْدَهُ حَسَنَةً كَامِلَةًوَإِنْ هَمَّ بِهَا فَعَمِلَهَا

كَتَبَهَااللَّه سَيِّئَةً وَاحِدَةً (بخارى ومسلم)

**അബൂഹുറയ്റ(റ) നിവേദനം ചെയ്യുന്നു: നബി(സ) പ്രസ്താവിച്ചു: അല്ലാഹുവിന് നൂറു കാരുണ്യമുണ്ട്. അതിൽപെട്ട ഒരു കാരുണ്യംകൊണ്ടാണ് സൃഷ്ടികൾ പരസ്പരം കരുണകാട്ടുന്നത്. ബാക്കി തൊണ്ണൂറ്റൊമ്പത് കാരുണ്യം പ്രകടമാവുക ഉയിർത്തെഴുന്നേൽപ്പുനാളിലാകുന്നു.**

**റസൂൽ (സ) തിരുമേനി പ്രസ്താവിച്ചതായി ഇബ്നുഅബ്ബാസി (റ)ൽനിന്ന് നിവേദനം: "അല്ലാഹു നന്മതിന്മകൾ രേഖപ്പെടുത്തി. എന്നിട്ടതിനെ വിശദീകരിച്ചു: ഒരുവൻ ഒരു സൽക്കർമം ചെയ്യാൻ തുനിയുകയും എന്നിട്ടത് ചെയ്യാതിരിക്കുകയും ചെയ്താൽ അല്ലാഹു അവങ്കൽ അതിനെ ഒരു പൂർണ സൽക്കർമമായി എഴുതിവെക്കുന്നു. ഇനി സൽക്കർമം ചെയ്യാൻ തുനിഞ്ഞവൻ അതു ചെയ്താലോ, അല്ലാഹു അവങ്കൽ അതിനെ പത്തു നന്മ മുതൽ എഴുന്നൂറ് ഇരട്ടിവരെ, അതിൽ കൂടുതലും ഇരട്ടികൾവരെയായി എഴുതിവെക്കുന്നു. ഒരുവൻ ഒരു തിന്മ ചെയ്യാൻ തുനിയുകയും എന്നിട്ടത് ചെയ്യാതിരിക്കുകയും ചെയ്താൽ അതിനെ അല്ലാഹു അവങ്കൽ ഒരു പൂർണ സൽക്കർമമായി എഴുതിവെക്കുന്നു. ഇനി അവൻ തിന്മചെയ്യാൻ തുനിയുകയും അത് ചെയ്യുകയും ചെയ്താലോ, അല്ലാഹു അവങ്കൽ അതിനെ ഒരൊറ്റ ദുഷ്കർമമായി എഴുതിവെക്കുന്നു."**

കാരുണ്യം എന്ന മാനുഷികവികാരത്തിന്റെ മഹത്വവും പ്രാധാന്യവും ദൈവകാരുണ്യത്തിന്റെ അപാരതയും വ്യക്തമാക്കിത്തരുന്ന ഒരു നബിവചനമാണിത്. ഈ ലോകത്ത് സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും മൂർത്തീരൂപങ്ങളായി വിശേഷിപ്പിക്കപ്പെടാവുന്ന എത്രയോ ആളുകളുണ്ട്. നേരത്തേ ഉണ്ടായിട്ടുണ്ട്. ഇനിയും ഉണ്ടാവുകയും ചെയ്യും. ലക്ഷോപലക്ഷം മനുഷ്യരിലും ജന്തുക്കളിലും പ്രകടമാകുന്ന ഈ വികാരം ഒരു വസ്തുവിന്റെ അംശങ്ങളാണെന്നു സങ്കൽപിച്ചാൽ ആ വസ്തു എത്രമാത്രം വലുതായിരിക്കുമെന്ന് ആലോചിച്ചുനോക്കുക. അത് ഒന്നിച്ചു ചേർത്തുവെക്കാൻ ഇതുപോലുള്ള അനേകം ഭൂമികൾ വേറെയും വേണ്ടിവരും.

ഈ ലോകത്തിൽ സൃഷ്ടികൾ പരസ്പരം പ്രകടിപ്പിക്കുന്ന സ്നേഹകാരുണ്യങ്ങൾ അല്ലാഹുവിന്റെ സ്നേഹത്തിന്റെ നൂറിലൊരംശം മാത്രമാണ് എന്നത്രെ നബി (സ) പഠിപ്പിക്കുന്നത്. അപ്പോൾ അല്ലാഹുവിന്റെ കാരുണ്യം എന്തുമാത്രം അഗാധവും അപാരവുമായിരിക്കുമെന്ന് ആലോചിച്ചു നോക്കുക. ആ ദൈവികഗുണത്തിന്റെ ആഴവും പരപ്പും ഈ ലോകത്ത് നമുക്ക് കണ്ടെത്താനാവില്ല. അന്ത്യനാളിൽ മാത്രമേ സൃഷ്ടികൾക്ക് അത് പ്രകടമാവൂ.

സ്നേഹം, കാരുണ്യം, ദയ, അനുഗ്രഹം എന്നീ ആശയങ്ങളെയെല്ലാം ഉൾക്കൊള്ളുന്ന പദമാണ് 'റഹ്മത്ത്.' ഈ ഗുണങ്ങളുള്ളവനാണ് റഹ്മാനും റഹീമും. അല്ലാഹുവിന്റെ സുന്ദരനാമങ്ങളിൽപെട്ട തത്രെ അവ രണ്ടും. അല്ലാഹു റഹ്മത്തിനെ തന്റെമേൽ സ്വയം ബാധ്യതയാക്കിയിരിക്കുന്നു എന്നും ഖുർആൻ പറഞ്ഞിട്ടുണ്ട്. സൃഷ്ടികൾ പരസ്പരം കാണിക്കുന്ന കാരുണ്യം അല്ലാഹുവിന്റെ കാരുണ്യത്തിന്റെ നൂറിലൊരംശത്തിൽപെട്ടതാണ് എന്നു പറയുമ്പോൾ 'കാരുണ്യം' എന്ന വികാരം മാനുഷികം മാത്രമല്ല, ദൈവികം കൂടിയാണ് എന്നു വരുന്നു. ദൈവം തന്റെ മഹത്തായ ഒരു ഗുണത്തിൽനിന്ന് മനുഷ്യന്റെ മേൽ വർഷിച്ച നേരിയ ഛായയാണത്.

സമ്പത്ത് അമിതമായാൽ മനുഷ്യൻ ദുഷിക്കും. ആർത്തി അധികമായാലും ദുഷിക്കും. ജഢികേച്ഛകളധികമായാലും മനുഷ്യൻ കെട്ടുപോകും. കോപം, അസൂയ തുടങ്ങിയ മാനുഷികവികാരങ്ങളും മനുഷ്യനെ ദുഷിപ്പിക്കുന്നു. എന്നാൽ, സ്നേഹവും കാരുണ്യവും എത്ര അധികരിച്ചാലും മനുഷ്യനെ

കൂടുതൽ വിശുദ്ധനും സൗഭാഗ്യവാനുമാക്കുക മാത്രമേ ചെയ്യൂ. കാരണം, സ്നേഹം ദൈവത്തിങ്കൽനിന്ന് അരുളപ്പെട്ട ദൈവികവികാരമാണ്. സ്നേഹ-കാരുണ്യാദി വികാരങ്ങൾ ഒരാളിൽ എത്ര വർധിക്കുന്നുവോ അത്രത്തോളം അയാൾ അല്ലാഹുവിനോടടുക്കുകയാണ് ചെയ്യുന്നത്; ഈ വികാരം എത്രത്തോളം കുറയുന്നുവോ അത്രത്തോളം അല്ലാഹുവിൽനിന്ന് അകലുകയും. 'ഭൂമിയിലുള്ളവരോട് കരുണ കാണിക്കാത്തവനോട് ആകാശത്തുള്ളവൻ കരുണ കാട്ടുകയില്ല' എന്ന നബിവചനത്തിന്റെ താൽപര്യവും ഇതുതന്നെയാണ്.

കുടുംബം, ഗോത്രം, ഗ്രാമം, സമുദായം, രാഷ്ട്രം എന്നിങ്ങനെയുള്ള മാനുഷിക കൂട്ടായ്മകളുടെയെല്ലാം ആത്മാവ് സ്നേഹവും കാരുണ്യവുമാണ്. പരസ്പരം സഹായിക്കാനും സംരക്ഷിക്കാനുമുള്ള അഭിവാഞ്ഛ. ഇങ്ങനെയൊരു വികാരമില്ലായിരുന്നുവെങ്കിൽ മനുഷ്യനിൽ സാമൂഹികബോധമോ സംസ്കാരമോ ഉടലെടുക്കില്ലായിരുന്നു. അവൻ മൃഗങ്ങളെപ്പോലെ പരസ്പരം കൊന്നും തിന്നും ഒറ്റപ്പെട്ടു ജീവിക്കുമായിരുന്നു. ഈ യാഥാർഥ്യം മനസ്സിലാക്കിക്കൊണ്ടാണ് 'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന് കവി പാടിയത്.

ഈ ലോകത്ത് എത്രയൊക്കെ സൂക്ഷിച്ചു ജീവിച്ചാലും സാധാരണ മനുഷ്യരിൽ തെറ്റുകുറ്റങ്ങൾ സംഭവിക്കാതിരിക്കില്ല. തെറ്റുകളും കുറ്റങ്ങളുമെന്നാൽ അല്ലാഹുവിനോടുള്ള അനുസരണക്കേടും ധിക്കാരവുമാണ്. തന്നെ അനുസരിക്കാത്തവരെയും ധിക്കരിക്കുന്നവരെയും ഏതു നിമിഷത്തിലും ശിക്ഷിക്കാനും നശിപ്പിക്കാനും അല്ലാഹുവിനു കഴിയും. പക്ഷേ, പരസ്യമായി അല്ലാഹുവിനെ ധിക്കരിക്കുകയും വെല്ലുവിളിക്കുകയും ചെയ്യുന്നവരെപ്പോലും അവൻ ഉടനടി ശിക്ഷിക്കാറില്ല. അവർക്ക് പിന്നെയും ചിന്തിക്കാനും തെറ്റുകൾ തിരുത്താനുമുള്ള അവസരം നൽകുകയാണവൻ. തന്നിൽ വിശ്വസിക്കുകയും ഭക്തി പുലർത്തുകയും ചെയ്യുന്നവരുടെ തെറ്റുകളും കുറ്റങ്ങളും പൊറുത്തുകൊടുക്കാൻ അവൻ സദാ സന്നദ്ധനാണ്. ഇതൊക്കെ അല്ലാഹുവിന്റെ സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും ഫലമാകുന്നു. അല്ലാഹുവിന്റെ കാരുണ്യവും സ്നേഹവുമനുഭവിക്കാതെ ഈ ലോകത്ത് ദുഷ്ടനോ ശിഷ്ടനോ ആയ ഒരു സൃഷ്ടിയും ഒരു നിമിഷവും പിന്നിടുന്നില്ല. ഈ യാഥാർഥ്യം ഗ്രഹിച്ചവനാണ് മുസ്‌ലിം. അവന്ന് എങ്ങനെയാണ് സമസൃഷ്ടികളോട് ക്രൂരമായും ഭീകരമായും വർത്തിക്കാൻ കഴിയുക?! തനിക്ക് ഒരു വിധത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ കടപ്പാടും ആശ്രയവുമുള്ള സമസൃഷ്ടികളോട് കരുണ കാട്ടാൻ കഴിയാത്ത താൻ എങ്ങനെയാണ് തന്നോട് യാതൊരാശ്രയമോ കടപ്പാടോ ഇല്ലാത്ത അല്ലാഹുവിൽനിന്ന് കാരുണ്യവും സ്നേഹവും പ്രതീക്ഷിക്കുക?!

പരലോകത്ത് മനുഷ്യന് സ്വർഗം പ്രദാനം ചെയ്യുന്നത് അല്ലാഹുവിന്റെ കാരുണ്യമാണെന്നു കാണാം. കാരണം, കുറേ തെറ്റുകളും കുറ്റങ്ങളുമൊക്കെ സംഭവിക്കാത്തവരുണ്ടാവില്ല. പക്ഷേ, തെറ്റുപറ്റിയവരെയെല്ലാം അവൻ നരകത്തിലിടുന്നില്ല. പൊറുക്കാവുന്നതിന്റെ പരമാവധി പൊറുത്തുകൊടുക്കുന്നു. അവന്റെ കാരുണ്യത്തിന്റെയും ദയയുടെയും വിശാലമായ പരിധിയിൽ ഏതെങ്കിലും വിധത്തിൽ അകപ്പെടാൻ കഴിഞ്ഞവരും സ്വർഗസ്ഥരാവുന്നു. മനുഷ്യൻ ഈ ഭൂമിയിൽ അല്ലാഹുവിനോട് അനുവർത്തിച്ചുകൊണ്ടിരിക്കുന്ന ധിക്കാരത്തോടും അനാദരവിനോടും കൃതഘ്നതയോടും അല്ലാഹു അന്ത്യദിനത്തിൽ മനുഷ്യരോട് കാണിക്കുന്ന സ്നേഹത്തെയും കാരുണ്യത്തെയും താരതമ്യം ചെയ്തുനോക്കിയാൽ മനുഷ്യൻ ഈ ലോകത്ത് കാണിച്ച പരസ്പരസ്നേഹമഖിലം, പരലോകത്ത് അല്ലാഹു കാണിക്കുന്ന കാരുണ്യത്തിന്റെ നൂറിലൊന്നേ വരൂ.

വിചാരവും കർമവും തമ്മിലുള്ള ബന്ധം, മനോവൃത്തികളോടുള്ള അല്ലാഹുവിന്റെ സമീപനം, തന്റെ സൃഷ്ടികളോടുള്ള അവന്റെ അപാരമായ ഔദാര്യവും കാരുണ്യവും തുടങ്ങിയ സംഗതികൾ വ്യക്തമാക്കിത്തരുന്നു രണ്ടാമത്തെ ഹദീസ്. അല്ലാഹു നന്മതിന്മകൾ രേഖപ്പെടുത്തി എഴുതി എന്നു പറഞ്ഞതിനർഥം ഇന്നത് നന്മ, ഇന്നത് തിന്മ എന്ന് നിർണയിച്ചുവെന്നാകാം. അല്ലെങ്കിൽ നന്മതിന്മകളെന്തൊക്കെയാണെന്ന് മലക്കുകളെക്കൊണ്ട് എഴുതിച്ചു എന്നുമാവാം. പിന്നെ അത് വിശദീകരിച്ചു എന്നതുകൊണ്ടുദ്ദേശ്യം ഒരാൾ പാപിയോ പുണ്യവാനോ ആകുന്നതെങ്ങനെയാണെന്നും എപ്പോഴാണെന്നും വ്യക്തമാക്കി എന്നാണ്. 'ഹമ്മ' എന്ന മൂലപദത്തെയാണ് 'തുനിഞ്ഞു' എന്ന് തർജമ ചെയ്തിരിക്കുന്നത്. ചിന്തിച്ചു, തീരുമാനിച്ചു, മോഹിച്ചു, ഒരുമ്പെട്ടു എന്നീ അർഥങ്ങളിലും ഈ പദം ഉപയോഗിക്കാറുണ്ട്. ചെയ്യാൻ തീരുമാനിക്കുകയും അതിനുവേണ്ടി ഒരുങ്ങുകയും ചെയ്തു എന്നാണ് ഇവിടെ ഉദ്ദേശ്യം.

'മനസ്സ് നന്നായാൽ മനുഷ്യൻ നന്നായി' എന്ന അർഥത്തിൽ ഒരു നബിവചനമുണ്ട്. സ്വന്തം നെഞ്ചിലേക്ക് ചൂണ്ടിക്കൊണ്ട് 'തഖ്‌വ- ദൈവഭക്തി- ഇതാ ഇവിടെയാണെ'ന്നും തിരുമേനി (സ) ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. കർമങ്ങളുടെ മൂല്യം ഉദ്ദേശ്യത്തെ ആശ്രയിച്ചിരിക്കുന്നുവെന്നാണ് പ്രസിദ്ധമായ മറ്റൊരു തിരുവചനം. അല്ലാഹു പരിഗണിക്കുക മനുഷ്യരുടെ മനസ്സിലുള്ള ഭക്തിയെയാണ് എന്ന് വിശുദ്ധഖുർആനും വ്യക്തമാക്കിയിട്ടുണ്ട്. ഇതിന്റെയൊക്കെ മറ്റൊരു ഭാഷ്യമാണ് ഈ നബിവചനം. എല്ലാ മനുഷ്യർക്കും ഒരുപോലെ സൽക്കർമങ്ങൾ ചെയ്യാൻ കഴിയണമെന്നില്ല; എത്രതന്നെ ആഗ്രഹിച്ചാലും ശരി. എങ്കിലും ആത്മാർഥമായി ആഗ്രഹിക്കാനും കഴിവിൽപെട്ട ശ്രമങ്ങൾ നടത്താനും എല്ലാവർക്കും കഴിയും. അങ്ങനെ നല്ലത് ചെയ്യാൻ ആഗ്രഹിക്കുന്നതും ഒരു സൽക്കർമമാകുന്നു. വെറും സൽക്കർമമല്ല, പൂർണമായ സൽക്കർമം. ഉദ്ദേശ്യം ഏതോ കാരണത്താൽ പ്രാവർത്തികമാക്കാൻ കഴിഞ്ഞില്ല എന്നത് അതിനെ അപൂർണമോ വികലമോ ആക്കുന്നില്ല എന്നർഥം. വെറുതെ

അതു ചെയ്യണം, ഇതു ചെയ്യണം എന്നു ചിന്തിക്കുന്നതിനെക്കുറിച്ചല്ല ഇവിടെ പറയുന്നത്. ചെയ്യാൻ വേണ്ടി ഉറച്ച തീരുമാനമെടുക്കുന്നതിനെക്കുറിച്ചാണ്. പണ്ഡിതന്മാർ അതിന് ഉദാഹരണം പറഞ്ഞിട്ടുള്ളതിങ്ങനെയാണ്: പാതിരാവിൽ എഴുന്നേറ്റ് തഹജ്ജുദ് നമസ്കരിക്കണമെന്ന് തീരുമാനിച്ച് ഒരാൾ കിടന്നുറങ്ങി. പക്ഷേ, പിന്നീടയാൾ ഉണർന്നത് പ്രഭാതമായ ശേഷമാണ്. ഇത് തഹജ്ജുദിൽ 'ഹമ്മ്' ഉണ്ടായ ആളാണ്. അതുകൊണ്ട് അല്ലാഹു അയാൾ തഹജ്ജുദ് നമസ്കരിച്ചതായി കണക്കാക്കും. ഉറങ്ങാൻ പോകുമ്പോൾ പിന്നീട് ഉണർന്ന് തഹജ്ജുദ് നമസ്കരിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, ഉണർന്നപ്പോൾ മടി തോന്നി. അങ്ങനെ വീണ്ടും ഉറങ്ങിപ്പോയി. എങ്കിൽ അയാൾക്ക് തഹജ്ജുദിൽ 'ഹമ്മ്' ഉണ്ടായിരുന്നില്ല. ഉറച്ച തീരുമാനം നിലനിൽക്കെ കർമം ചെയ്യാൻ കഴിയാതെപോയാലാണ് അതു ചെയ്തതായി അല്ലാഹു പരിഗണിക്കുക. തീരുമാനം പിൻവലിക്കുകയോ ശിഥിലമാവുകയോ ചെയ്താൽ അയാൾ കർമത്തിൽനിന്ന് പിൻവാങ്ങിയവനാണ്.

ഉറച്ച തീരുമാനമെടുക്കുകയും അതനുസരിച്ച് സൽക്കർമം പ്രവൃത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്താൽ അല്ലാഹു അതിനെ പരിഗണിക്കുക ഒരു സൽക്കർമമായിട്ടല്ല; പത്തു സൽക്കർമമായിട്ടാണ്. ചിലപ്പോൾ അതിനെത്തന്നെ എഴുന്നൂറായി പരിഗണിക്കുന്നു. ചിലപ്പോൾ അതിലേറെയായും പരിഗണിക്കും. കർമങ്ങളുടെ മഹത്വവും പ്രതിഫലവും ഇങ്ങനെ ശതഗുണീഭവിച്ചുകൊണ്ടിരിക്കുന്നത് കർത്താവിന്റെ നിഷ്കളങ്കതയുടെയും ഭക്തിയുടെയും ഏറ്റക്കുറവനുസരിച്ചാണ്. എത്രകണ്ട് ഇഖ്‌ലാസോടും തഖ്‌വയോടും കൂടിയാണോ സൽക്കർമമനുഷ്ഠിക്കുന്നത്, അത്രകണ്ട് അതിന്റെ മാറ്റ് കൂടിക്കൊണ്ടിരിക്കും. സൽക്കർമത്തിലുള്ള ആഗ്രഹത്തോടും തീരുമാനത്തോടും കൂടി ചെയ്യുമ്പോഴാണീ ശ്രേഷ്ഠത. 'വ ഇൻ ഹമ്മ ബിഹാ ഫ അമിലഹാ' എന്ന വാക്യം അതാണ് സൂചിപ്പിക്കുന്നത്. ഉദ്ദേശ്യമോ ആഗ്രഹമോ ഇല്ലാതെ ചെയ്തുപോകുന്ന നന്മകൾക്ക് ഈ മഹത്വമില്ല.

ഒരാൾ ഒരു തിന്മ ചെയ്യാൻ തീരുമാനിക്കുകയും അവസാനനിമിഷത്തിൽ അതിൽനിന്ന് പിൻവാങ്ങുകയും ചെയ്താൽ അതും അല്ലാഹു ആ ദാസന്റെ ഒരു സൽക്കർമമായി രേഖപ്പെടുത്തുന്നു. ഇവിടെ ചെയ്യാതിരിക്കുക, പിൻവാങ്ങുക എന്നു പറഞ്ഞത് അതു ചെയ്യാൻ കഴിവില്ലാതെ വരികയോ തടസ്സം നേരിടുകയോ ചെയ്തതുകൊണ്ട് പിൻവാങ്ങുന്നതിനെക്കുറിച്ചല്ല; അല്ലാഹുവിനെ പേടിച്ച് പിൻവാങ്ങുന്നതിനെക്കുറിച്ചാണ്. തിന്മചെയ്യാൻ തുനിഞ്ഞ് കഴിവുകേടുകൊണ്ടോ തട്ടിനീക്കാനാവാത്ത തടസ്സം നേരിട്ടതുകൊണ്ടോ ചെയ്യാൻ കഴിയാതെപോയാൽ അല്ലാഹു അതൊരു സൽക്കർമമായി പരിഗണിക്കുകയില്ല. മറിച്ച്, അവന്റെ പേരിൽ തിന്മയായിട്ടാണത് രേഖപ്പെടുത്തുക. ഖുർആൻ പറഞ്ഞു: "എന്നാൽ നിങ്ങളുടെ മനസ്സുകൾ പ്രവർത്തിച്ചതിന്റെ പേരിൽ അല്ലാഹു നിങ്ങളെ ശിക്ഷിക്കുന്നതാകുന്നു" (2:225). അയാൾ ദുഷ്കർമം അവയവങ്ങൾകൊണ്ട് ചെയ്തിട്ടില്ലെങ്കിലും, അതു ചെയ്യണമെന്ന് മനസ്സാ തീരുമാനിച്ചിട്ടുണ്ട്. അതിന്റെ പേരിൽ അവൻ ശിക്ഷ അനുഭവിക്കുകതന്നെ ചെയ്യും. പക്ഷേ, മനസ്സിലുദിച്ച ഒരു ദുരാഗ്രഹത്തിൽനിന്ന് അല്ലാഹുവിനെ ഓർത്ത് പിൻവാങ്ങുക എന്നത് ആ ദുരാഗ്രഹത്തെ മായ്ച്ചുകളയുന്ന ഒരു സൽക്കർമമാകുന്നു. അതിനെ പൂർണമായ ഒരു സൽക്കർമമായി അല്ലാഹു അംഗീകരിക്കുകയും ചെയ്യുന്നു. ഇനി ദുഷ്കർമം ചെയ്യാൻ തീരുമാനമെടുത്ത ഒരാൾ അത് പ്രവൃത്തിപഥത്തിൽ കൊണ്ടുവരികതന്നെ ചെയ്താലോ, അല്ലാഹു അതിനെ ആ ദാസന്റെ ഒരു പാപമായിട്ടേ കണക്കാക്കൂ. സൽക്കർമത്തിന്റെ കാര്യത്തിലെന്നപോലെ പത്തും എഴുന്നൂറും അതിലധികവുമായി ഗുണിക്കുകയില്ല. വിശുദ്ധ ഖുർആനും ഇക്കാര്യം ഉണർത്തിയിട്ടുണ്ട്: "ഒരുവൻ നന്മയുമായി ഹാജരായാൽ അവന്ന് അതിന്റെ പത്തിരട്ടി പ്രതിഫലമുണ്ട്" (അൽഅൻആം: 165). "ഒരുവൻ തിന്മയുമായി ഹാജരായാൽ അതിനു തുല്യമായ പ്രതിഫലം മാത്രമേ അവനു നൽകൂ. അവർ ഒട്ടും അനീതിക്കിരയാകുന്നതല്ല" (അൽഅൻആം: 160).

നന്മ ചെയ്യുന്നവർക്ക് പത്തു മുതൽ കണക്കില്ലാത്തത്ര ഇരട്ടി സത്ഫലങ്ങൾ നൽകുമ്പോൾ തിന്മ ചെയ്യുന്നവർക്ക് അവർ ചെയ്ത തിന്മ അർഹിക്കുന്ന ശിക്ഷ മാത്രം. നന്മ ചെയ്യാൻ തീരുമാനിച്ചിട്ട് അതു ചെയ്യാൻ കഴിയാതെ പോയാലും അതർഹിക്കുന്ന ന്യായമായ പ്രതിഫലം. തിന്മ ചെയ്യാൻ തീരുമാനിച്ചിട്ട് ഒടുവിൽ അല്ലാഹുവിനെ ഓർത്ത് പിൻവാങ്ങിയാലും നന്മയുടെ പ്രതിഫലം! ഒരു പാപം ചെയ്താൽ ആ പാപം അർഹിക്കുന്ന ശിക്ഷ മാത്രം. ഈ തിരുവചനങ്ങളിൽ പ്രകാശിക്കുന്ന അല്ലാഹുവിന്റെ കാരുണ്യവും ഔദാര്യവും അവർണനീയമത്രെ, അവാച്യവും.